LIBRARY ARCHIVES Kerala Legislative Assembly

അങ്കമാലി നിയോജക മണ്ഡലത്തിലെ മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി

157 (2712) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി മാഞ്ഞാലി തോടിന്റെ വെട്ടിപ്പുഴകാവ് ഭഗവതിക്ഷേത്രം മുതൽ മധുരപുറം പാലം വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി നബാർഡ് 25-4-2011-ൽ 12 കോടി രൂപ അനുവദിച്ചതും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം മൂലം 20-4-2013-ൽ 14 കോടി രൂപയായി റിവൈസ് ചെയ്തതുമായ നിർമ്മാണ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) കാലതാമസം ഒഴിവാക്കി പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം സൃഷ്ടിക്കുന്ന വർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 14.55 കോടി രൂപയ്ക്ക് ഭരണാനുമതിയും 14.35 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി &സി) ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചാൽ 2 വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

സ്വകാര്യ റിഗ്ഗുകൾ

158 (2713) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്ന കഴൽ കിണർ കുഴിക്കുന്ന സ്വകാര്യ റിഗ്ഗുകളെ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ റിഗുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് രജിസ്ട്രേഷൻ നൽകുന്നതിനായി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) എത്ര റിഗുകൾ നിശ്ചിത ഫീസൊടുക്കി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കഴൽകിണർ നിർമ്മാണ ഏജൻസികളും റിഗുകളും ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)നമ്പർ59/2014/ജവിവ.തീയതി 27-6-2014.

(ബി) ഉണ്ട്. 27-6-2014-ലെ ജി.ഒ. (എംഎസ്) നമ്പർ 59/2014/ജവിവ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) റിഗുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നതേയുള്ളൂ.

വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ

159 (2714) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഡാറ്റ മുഴുവൻ ഏത് കമ്പനിയുടെ സർവ്വറിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ ടെണ്ടർ നടപടിക്കും ഇ-ടെണ്ടർ നടത്തുന്ന കമ്പനിക്ക് എന്ത് തുക നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; മേൽ കമ്പനിയുമായിട്ടുള്ള എഗ്രിമെന്റ് വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കുന്നതിന് കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly